# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1482** **10.02.2020 ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. രാജഗോപാലൻ | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) സംസ്ഥാനത്ത് എത്ര കേരഗ്രാമങ്ങളാണ് സർക്കാർ അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

എ) സംസ്ഥാനത്ത് 236 കേര ഗ്രാമങ്ങളാണ് സർക്കാർ അനുവദിച്ചത്. അവ താഴെ പറയും പ്രകാരമാണ്.

| വർഷം | കേരഗ്രാമങ്ങൾ |
|---|---|
| 2014-15<br>2015-16 | 30 |
| 2016-17 | 30 |
| 2017-18 | 44 |
| 2018-19 | 77 |
| 2019-20 | 55 |

ബി) ഈ കേരഗ്രാമങ്ങളിലൂടെ നാളികേര കൃഷിയിൽ എത്ര ഹെക്ടർ അധികവർദ്ധനവ് വന്നിട്ടുണ്ടെന്നും നിലവിലുള്ള ഉല്പാദനത്തിൽ എത്ര അധികവർദ്ധനവ് വന്നിട്ടുണ്ടെന്നും അറിയിക്കാമോ:

ബി) തുടർച്ചയായ 250 ഹെക്ടർ തെങ്ങ് കൃഷിയുള്ള പ്രദേശത്താണ് സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ചുകൊണ്ടുള്ള കേരഗ്രാമം പദ്ധതി നടപ്പിലാക്കി വരുന്നത്. നാളികേര ഉല്പാദനത്തിൽ ഉണ്ടായ വർദ്ധനവ് സംബന്ധിച്ച കേരഗ്രാമം തിരിച്ചുള്ള കണക്കുകൾ സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടില്ല. എങ്കിലും കേന്ദ്ര നാളികേര വികസന ബോർഡിന്റെ പ്രസിദ്ധീകരിച്ച കണക്കുകൾ പ്രകാരം 2014-15 വർഷം സംസ്ഥാനത്തെ നാളികേര ഉല്പാദനം 48.966 ലക്ഷം നാളികേരം എന്നത് 2018-19 വർഷം 76,313.5 ലക്ഷം നാളികേരമായി വർദ്ധിക്കുന്നതിന് കേരഗ്രാമം പദ്ധതിയും സഹായകരമായിട്ടുണ്ട്.

സി) കേരഗ്രാമങ്ങൾക്ക് സർക്കാർ ഇതുവരെയായി എത്ര കോടി രൂപയുടെ സഹായങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

സി) 2014-15 മുതൽ 2018-19 വരെ കേരഗ്രാമം പദ്ധതികൾക്കായി 161.5527 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2019-20 ൽ അനുവദിച്ച 43 കോടി രൂപ ചെലവഴിച്ചു വരുന്നു. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| വർഷം | കേരഗ്രാമങ്ങൾ | വിനിയോഗിച്ച തുക (ലക്ഷം രൂപ) |
|---|---|---|
| 2014-15<br>2015-16 | 30 | 2508.07<br>3565.74 |
| 2016-17 | 30 | 3718.56 |
| 2017-18 | 44 | 3087.87 |
| 2018-19 | 77 | 3275.03 |
| 2019-20 | 55 | 4300.00<br>(തുക ചെലവഴിച്ചു വരുന്നു) |

സെക്ഷൻ ഓഫീസർ